LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട അസംബ്ലി മണ്ഡലങ്ങൾ

48 (3772) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത മണ്ഡലങ്ങളിലെ സ്കൂളുകൾക്ക് അടുക്കള നവീകരണത്തിനും ടോയിലറ്റ് നിർമ്മാണത്തിനും ഫണ്ട് നൽകുന്നുണ്ടോ ; എങ്കിൽ ഓരോ മണ്ഡലത്തിലും ഏതെല്ലാം സ്കൂളുകൾക്ക് എത്ര ഫണ്ട് വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട മണ്ഡലങ്ങളുടെ വിശദാംശം അനുബന്ധത്തിൽ ചേർക്കുന്നു.*

(ബി& സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ ജീവനക്കാർ

49 (3773) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് ; വിശദമാക്കുമോ ;

(ബി) വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും എത്ര പേർ ഡെപ്യൂട്ടേഷനിൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ജോലി ചെയ്യുന്നു ;

(സി) ഡെപ്യൂട്ടേഷനിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ യഥാർത്ഥ ശമ്പളസ്കെയിലും അവർ ഇപ്പോൾ വാങ്ങിക്കൊണ്ടിരിക്കുന്ന സ്കെയിലും വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ ശമ്പളക്കമ്മീഷൻ യൂണിവേഴ്സിറ്റി ജീവനക്കാരെ തിരികെ അവരുടെ മാതൃവകുപ്പിൽ അയയ്ക്കണമെന്ന് ശുപാർശ ചെയ്തിട്ടും നാളിതുവരെ അയയ്ക്കാത്തതെന്തുകൊണ്ട്; ഇപ്രകാരം ഡെപ്യൂട്ടേഷനിൽ തുടരുന്നവർമൂലം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന് കഴിഞ്ഞ 5 വർഷം എത്ര കോടി രൂപ ശമ്പളയിനത്തിൽ അധികച്ചെലവ് വന്നിട്ടുണ്ട്; പ്രസ്തുത ജീവനക്കാരെ തിരികെ അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ലോവർ ഡിവിഷൻ ക്ലർക്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.